REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-12-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ഭരണഘടനയുടെ 75 വർഷത്തെ ജൈത്ര യാത്രയുമായി ബന്ധപ്പെട്ട പ്രത്യേക ചർച്ച ലോക്സഭയിൽ പുനരാരംഭിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉച്ചകഴിഞ്ഞ് ചർച്ചക്ക് മറുപടി പറയും.
- സംസ്ഥാനത്ത് പൊലീസ് സേനയിലെ ഇരുണ്ട കാല ചരിത്രം അവസാനിച്ചെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- രാജ്യത്ത് ഗ്രാമീണ തൊഴിലാളികൾക്ക് ഏറ്റവും ഉയർന്ന വേതനം നൽകുന്ന സംസ്ഥാനം കേരളമെന്ന് റിസർവ് ബാങ്ക്.
- SSLC, ഹയർ സെക്കൻഡറി ക്രിസ്മസ് പരീക്ഷയുടെ ചോദ്യപേപ്പറുകൾ ചോർന്ന സംഭവത്തിൽ കുറ്റവാളികൾക്കെതിരെ കർശന നടപടിയുണ്ടാകുമെന്ന് മന്ത്രി V.ശിവൻകുട്ടി.
- പാലക്കാട് പനയംപാടത്ത് നാല് വിദ്യാർഥിനികളുടെ മരണത്തിനിടയാക്കിയ അപകടസ്ഥലം വകുപ്പ് തല ഉദ്യോഗസ്ഥർ ഇന്ന് പരിശോധിയ്ക്കും.
- സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനൽ റൗണ്ട് പോരാട്ടങ്ങൾ ഹൈദരാബാദിൽ ആരംഭിച്ചു. ആദ്യ മത്സരത്തിൽ മണിപ്പൂർ സർവീസസിനെ തോൽപ്പിച്ചു.

# വാർത്തകൾ വിശദമായി

ഇന്ത്യൻ ഭരണ ഘടനയുടെ 75 വർഷത്തെ മഹത്തായ ജൈത്ര യാത്രയെ കുറിച്ച് പ്രത്യേക ചർച്ച ലോക്സഭ പുനരാരംഭിച്ചു. ഭരണാഘടനാ രൂപീകരണത്തിൽ ഡോക്ടർ അംബേദ്കറുടെ സംഭാവനകളെ പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജുജു പ്രശംസിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സബ്കാ സാത്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ് എന്നീ മന്ത്രങ്ങൾ ഭരണഘടനയുടെ അന്തസത്തയുമായി യോജിച്ച് പ്രവർത്തിക്കുന്നുണ്ടെന്നും കിരൺ റിജിജു പറഞ്ഞു.ശേഷം രാജ്യം എല്ലാവർക്കും തുല്യാവകാശം ഉറപ്പാക്കിയിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.ചർച്ചക്ക് ഉച്ച കഴിഞ്ഞ് പ്രധാനമന്ത്രി നരേന്ദ്ര മോദി മറുപടി പറയും. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ചർച്ചയിൽ പങ്കെടുക്കും.

✪✪✪

ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട രണ്ട് സുപ്രധാന ബില്ലുകൾ കേന്ദ്ര ഗവൺമെന്റ് മറ്റന്നാൾ ലോക്സഭയിൽ അവതരിപ്പിക്കും. ഭരണഘടനയുടെ 129-ാം ഭേദഗതി ബില്ലും കേന്ദ്ര ഭരണ പ്രദേശങ്ങളുടെ നിയമ ഭേദഗതി ബില്ലുമാണ് കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്വാൾ ലോക്സഭയിൽ അവതരിപ്പിക്കുക.

രാജ്യത്തുടനീളം നിയമസഭാ ലോക്സഭാ തിരഞ്ഞെടുപ്പുകൾ ഒരേസമയം നടത്താൻ വഴിയൊരുക്കുന്ന ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് പദ്ധതിക്ക് നേരത്തെ കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയിരുന്നു. മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ അധ്യക്ഷതയിൽ രൂപീകരിച്ച ഉന്നതതല സമിതി രാഷ്ട്രീയ പാർട്ടികളും വിദഗ്ധരുമുൾപ്പെടെ വിപുലമായ ചർച്ചകൾ നടത്തി സമർപ്പിച്ച റിപ്പോർട്ടാണ് കേന്ദ്രം അംഗീകരിച്ചത്.

✪✪✪

ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാടിന് പ്രത്യേക ദുരിതാശ്വാസ പാക്കേജ് ആവശ്യപ്പെട്ട് പ്രിയങ്ക ഗാന്ധിയുടെ നേതൃത്വത്തിൽ കേരളത്തിലെ MP-മാർ പാർലിമെന്റിന് പുറത്ത് പ്രതിഷേധിച്ചു. ജസ്റ്റിസ് ഫോർ വയനാട് എന്ന് രേഖപ്പെടുത്തിയ ബാനർ ഉയർത്തിപ്പിടിച്ചായിരുന്നു പ്രതിഷേധം.

വയനാടിന് പ്രത്യേക പാക്കേജ് അനുവദിക്കാൻ കേന്ദ്രം വിസമ്മതിക്കുകയാണെന്ന് പ്രിയങ്ക ഗാന്ധി ആരോപിച്ചു. സമാന ദുരന്തം നേരിട്ട ഹിമാചൽ പ്രദേശിനും കേന്ദ്ര സഹായം ലഭിക്കുന്നില്ലെന്നും പ്രകൃതി ദുരന്തങ്ങളുടെ കാര്യത്തിൽ വിവേചനം പാടില്ലെന്നും അവർ പറഞ്ഞു.

✪✪✪

മുൻ കേന്ദ്ര മന്ത്രി EVKS ഇളങ്കോവൻ അന്തരിച്ചു. ചെന്നൈയിൽ രാവിലെ ആയിരുന്നു 75-കാരനായ അദ്ദേഹത്തിന്റെ അന്ത്യം. മൻമോഹൻ സിംഗ് ഗവൺമെന്റിൽ ടെക്സ്റ്റൈയിൽസ് സഹമന്ത്രിയായിരുന്ന അദ്ദേഹം തമിഴ്നാട് മുൻ പിസിസി അധ്യക്ഷനായിരുന്നു. ഈറോഡ് ഈസ്റ്റ് MLA ആണ് ഇളങ്കോവൻ.

✪✪✪

സംസ്ഥാനത്തെ പൊലീസ് സേനയിലെ ഇരുണ്ട കാല ചരിത്രം അവസാനിച്ചെന്നും ഇന്ന് പൊലീസിന്റെ മുഖം ജന സൗഹൃദം ആണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മുമ്പ് പൊലീസിനെ ശത്രുക്കളായാണ് ജനങ്ങൾ കണ്ടിരുന്നതെങ്കിൽ ഇന്നത് മാറിയെന്നും മുഖ്യമന്ത്രി പറഞ്ഞു. തൃശ്ശൂർ കേരള പോലീസ് അക്കാദമിയിൽ സംഘടിപ്പിച്ച സബ് ഇൻസ്പെക്ടർമാരുടെ പാസിങ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

രാജ്യത്ത് ഗ്രാമീണ തൊഴിലാളികൾക്ക് ഏറ്റവും ഉയർന്ന വേതനം നൽകുന്ന സംസ്ഥാനം കേരളമെന്ന് റിസർവ് ബാങ്ക് റിപ്പോർട്ട്.

2023-24 ലെ സ്ഥിതി വിവര കണക്കുകളിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. നിർമ്മാണ - കാർഷിക- കാർഷികേതര മേഖലകളിൽ കേരളത്തിലെ ഗ്രാമീണ തൊഴിലാളികൾ ദേശീയ ശരാശരിയേക്കാൾ ഗണ്യമായി വരുമാനം നേടുന്നുണ്ട്. ദേശീയ ശരാശരി ഇന്ന് 417 രൂപയാണ്. എന്നാൽ കേരളത്തിലെ നിർമ്മാണ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 894 രൂപയാണെന്ന് റിസർവ് ബാങ്ക് അറിയിച്ചു. ദേശീയ ശരാശരിയായ 371 രൂപയുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥനത്തേ കർഷകേതര തൊഴിലാളികൾ പ്രതിദിനം 735 രൂപയാണ് വേതനം വാങ്ങുന്നത്.

✪✪✪

ക്രിസ്മസ് അർധവാർഷിക പ്ലസ്വൺ കണക്ക് പരീക്ഷയുടെയും പത്താം ക്ലാസ് ഇംഗ്ലീഷ് പരീക്ഷയുടെയും ചോദ്യങ്ങൾ ചോർന്ന വിഷയത്തിൽ കുറ്റവാളികൾക്കെതിരെ കർശന നടപടിയുണ്ടാകുമെന്ന് മന്ത്രി V. ശിവൻകുട്ടി പറഞ്ഞു.

ചോദ്യപേപ്പർ ചോർച്ചയ്ക്ക് പിന്നിലെ കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരുമെന്ന് മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്...

........വോയ്സ്..........

ചോദ്യ പേപ്പർ വിഷയത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് , ഡി.ജി.പി, സൈബർ സെൽ എന്നിവർക്ക് പരാതി നൽകിയതായി ശിവൻകുട്ടി അറിയിച്ചു. യൂട്യൂബ് ചാനലുകളിൽ ചോദ്യപേപ്പർ വന്നത് അതീവ ഗൗരവമേറിയ വിഷയമാണെന്നും മന്ത്രി പറഞ്ഞു. പരീക്ഷാ നടത്തിപ്പിൽ ഗവണ്മെന്റ് ഒരു വിട്ടുവീഴ്ച്ചക്കും തയ്യാറല്ല. സംഭവം ചർച്ച ചെയ്യാനായി വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരും. തയ്യാറാക്കുന്നവരും വിതരണം ചെയ്യുന്നവരും അറിയാതെ ചോദ്യപേപ്പർ പുറത്തുപോകില്ലെന്നും മന്ത്രി പറഞ്ഞു.ചോദ്യപേപ്പർ ചോർത്തുന്ന യൂട്യൂബുകാർക്കും ട്യൂഷൻ സെന്ററുകൾക്കും താത്കാലിക ലാഭം ഉണ്ടാകുമെന്ന് മന്ത്രി പറഞ്ഞു. വലിയ നേട്ടമായാണ് അവർ ഇത് പറയുന്നത്. യൂട്യൂബ് ചാനലുകളിൽ ഇരുന്ന് പറയുന്നത് മിടുക്കായി കാണേണ്ടെന്നും മന്ത്രി പറഞ്ഞു. ട്യൂഷൻ എടുക്കുന്ന അധ്യാപകരുടെ വിവരങ്ങൾ ശേഖരിക്കുമെന്നും വിഷയത്തെ അർഹിക്കുന്ന ഗൗരവത്തോടെ കാണുമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

KSRTCയെ ലാഭത്തിലാക്കുമെന്നും ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്നും മന്ത്രി KB. ഗണേഷ് കുമാർ വ്യക്തമാക്കി. വരുമാനം വർധിപ്പിക്കുന്നതിനു നടപടികളുടെ ഭാഗമായാണ് KSRTCയിൽ ബ്രാൻഡിംഗ് നടപ്പാക്കാൻ ശ്രമിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. പെരുമ്പാവൂർ യാത്രാ ഫ്യൂവൽസ് ഔട്ട്ലറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

KSRTCയുടെ 12 സ്റ്റേഷനുകൾ ബ്രാൻഡ് ചെയ്യുന്നതിനു ചർച്ച പുരോഗമിക്കുകയാണെന്നും മന്ത്രി അറിയിച്ചു. ടിക്കറ്റിതര വരുമാനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ KSRTC നടപ്പാക്കുന്ന യാത്രാ ഫ്യൂവൽസ് പദ്ധതിയിൽ സംസ്ഥാനത്ത് 75 റീട്ടെയ്ൽ ഔട്ട്ലെറ്റുകളാണ് സ്ഥാപിക്കുന്നതെന്നും മന്ത്രി അറിയിച്ചു.

ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ ഭാവിയിൽ ഹരിത ഇന്ധനങ്ങളായ CNG, LNG, ഇലക്ട്രിക് ഫാസ്റ്റ് ചാർജിംഗ് എന്നിവയും ഔട്ട്ലെറ്റുകളിൽ ലഭിക്കുമെന്നും ഗണേഷ് കുമാർ പറഞ്ഞു.

✪✪✪

പാലക്കാട് പനയംപാടത്ത് നാല് വിദ്യാർഥിനികളുടെ മരണത്തിനിടയാക്കിയ അപകടസ്ഥലത്ത് ബന്ധപ്പെട്ട വകുപ്പ് തല ഉദ്യോഗസ്ഥരുടെ പരിശോധന ഇന്ന് നടക്കും.

ജില്ലാ പോലീസ് മേധാവി, RTO, പൊതുമരാമത്ത്, ദേശീയ പാതാവിഭാഗം എന്നിവരടങ്ങിയ ഉദ്യോഗസ്ഥ സംഘമാണ് സംയുക്ത സുരക്ഷാ പരിശോധന നടത്തുന്നത്.

ഇതോടൊപ്പം പ്രദേശവാസികളുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് കർമ പരിപാടി തയ്യാറാക്കാനാണ് ഇന്നലെ മന്ത്രി K. കൃഷ്ണൻ കുട്ടിയുടെ നേതൃത്വത്തിൽ ചേർന്ന യോഗം തീരുമാനിച്ചിരിക്കുന്നത്.

മന്ത്രി KB. ഗണേഷ് കുമാറും ഇന്ന് അപകട സ്ഥലം സന്ദർശിക്കുന്നുണ്ട്. അതിനിടെ റോഡ് നിർമാണത്തിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടു യൂത്ത് ലീഗ് പ്രവർത്തകർ പ്രദേശത്ത് ദേശീയ പാത ഉപരോധിച്ചു.

✪✪✪

78-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനൽ റൗണ്ട് പോരാട്ടങ്ങൾ ഹൈദരാബാദിൽ ആരംഭിച്ചു. ഡക്കാൻ അറീനയിൽ ഗ്രൂപ്പ് എ യിലെ ആദ്യ മത്സരത്തിൽ നിലവിൽ ജേതാക്കളായ സർവീസസിനെ മണിപ്പൂർ മറുപടിയില്ലാത്ത ഒരു ഗോളിന് തോൽപ്പിച്ചു.

എ ഗ്രൂപ്പിലെ രണ്ടാം മത്സരത്തിൽ ഉച്ച കഴിഞ്ഞ് 2.30 ന് ആതിഥേയരായ തെലങ്കാന രാജ്യസ്ഥാനെ നേരിടും. രാത്രി 7.30ന് 32 തവണ ജേതാക്കളായ പശ്ചിമ ബംഗാൾ ജമ്മു കശ്മീരുമായി ഏറ്റുമുട്ടും.

നിലവിൽ റണ്ണേഴ്സ് അപ്പായ ഗോവയുമായാണ് ഗ്രൂപ്പ് B-യിൽ നാളെ കേരളത്തിന്റെ ആദ്യ മത്സരം. ഒരു ഗോളു പോലും വഴങ്ങാതെ കേരളം ഗ്രൂപ്പ് ഘട്ടത്തിൽ 18 ഗോളുകൾ നേടിയിരുന്നു.

✪✪✪

ബ്രിസ്ബേനിൽ ഇന്ത്യ- ഓസ്ട്രേലിയ ബോർഡർ ഗാവസക്ർ ട്രോഫി മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ ആദ്യ ദിനം കളി മഴ മൂലം നിർത്തി വെച്ചു. ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിന് ഇറങ്ങിയ ഓസ്ട്രേലിയ വിക്കറ്റ് നഷ്ടപ്പെടാതെ 28 റൺസ് എടുത്തപ്പോഴാണ് മഴ കളി തടസ്സപ്പെടുത്തിയത്.

അഞ്ച് മത്സരപരമ്പരയിൽ ഇരു ടീമുകളും ഓരോ മത്സരം ജയിച്ച് സമനിലയിലാണ്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ്, മോഹൻബഗാൻ സൂപ്പർ ജയന്റിനെ നേരിടും വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം. മറ്റൊരു മത്സരത്തിൽ ബംഗളുരു FC, FC ഗോവയെ നേരിടും. വൈകിട്ട് അഞ്ചിന് ബംഗലുരുവിലാണ് മത്സരം.

✪✪✪

ഐ ലീഗ്  ഫുട്ബോളിൽ ഗോകുലം കേരളാ FC ഇന്ന് ഷില്ലോങ്ങ് ലാജോങ്ങിനെ നേരിടും.  വൈകിട്ട് നാലരയ്ക്ക് ഷില്ലോങ്ങിലാണ്  മത്സരം.

✪✪✪

ഒമാനിലെ മസ്കറ്റിൽ  വനിതാ ജൂനിയർ ഏഷ്യാ കപ്പ് ഹോക്കി സെമി ഫൈനലിൽ  ഇന്ത്യയിന്ന് ജപ്പാനെ നേരിടും. ഇന്ത്യൻ സമയം വൈകിട്ട് 6 -നാണ് മത്സരം.  ക്വാർട്ടർ ഫൈനലിൽ തായ്‌ലൻഡിനെ 9 ഗോളിന് തകർത്താണ് ഇന്ത്യ സെമിയിൽ എത്തിയത്.

✪✪✪

അഡ്മിറൽ കപ്പിനായി ഏഴിമല ഇന്ത്യൻ നേവൽ അക്കാദമിയിൽ നടന്ന പായ് വഞ്ചിയോട്ട മത്സരത്തിൽ  റഷ്യ ജേതാക്കളായി.  ഇറ്റലിക്ക് രണ്ടാം സ്ഥാനവും ഇന്ത്യയ്ക്ക് മൂന്നാം സ്ഥാനവും ലഭിച്ചു.

അക്കാദമി കമാണ്ടന്റ് വൈസ് അഡ്മിറൽ സി.ആർ പ്രവീൺ നായർ ജേതാക്കൾക്ക് ട്രോഫി സമ്മാനിച്ചു.

✪✪✪

തൃശൂർ കോർപറേഷൻ സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് ഒരുങ്ങുന്നു. ഇത് സംബന്ധിച്ച ധാരണാ പത്രം അടുത്ത ആഴ്ച ഗവൺമെന്റിന് സമർപ്പിക്കും. നിലവിലെ  മൺ ട്രാക്ക് 400 മീറ്റർ നീളത്തിൽ 6 ലെയ്ൻ സിന്തറ്റിക് ട്രാക്കായി നവീകരിക്കുമ്പോൾ തൃശൂരിന്റെ കായിക ഭൂപടത്തിൽ വൻകുതിച്ചു ചാട്ടമായിരിക്കും ഉണ്ടാകുകയെന്ന് മേയർ എം.കെ. വർഗ്ഗീസ് പറഞ്ഞു.

✪✪✪

ഇന്ന് ദേശീയ ഊർജ്ജ സംരക്ഷണ ദിനം. 1991 ഡിസംബർ 14 മുതലാണ് രാജ്യത്ത്  ദേശീയ ഊർജ സംരക്ഷണ ദിനം ആചരിച്ചു തുടങ്ങിയത്. ഊർജ ഉപയോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ ദിനാചരണത്തിലൂടെ ലക്ഷ്യമിടുന്നു. രണ്ടാം ശനി അവധി ആയതിനാൽ സംസ്ഥാനത്തെ ഗവൺമെന്റ് ഓഫീസുകളിലും തദ്ദേശ സ്ഥാപനങ്ങളിലും ഇന്നലെയാണ് ദിനാചണ പരിപാടികൾ  സംഘടിപ്പിച്ചത്. ഗവണ്മെന്റ് ഓഫീസുകളിൽ ജീവനക്കാർ ഊർജ സംരക്ഷണ പ്രതിജ്ഞയെടുത്തു.

✪✪✪

സംസ്ഥാനത്ത് തുടർച്ചയായ രണ്ടാം ദിവസവും സ്വർണവില കുറഞ്ഞു.  ഇന്ന് പവന് 720 രൂപ  കുറഞ്ഞ്   57,120 രൂപയായി. രണ്ട് ദിവസത്തിനിടെ പവന്

1,160 രൂപയുടെ കുറവാണ് ഉണ്ടായത്. ഗ്രാമിന് 90 രൂപ കുറഞ്ഞു. ഗ്രാമിന്റെ വില 7,140 രൂപയായാണ് കുറഞ്ഞത്.

അന്താരാഷ്ട്ര വിപണിയിൽ സ്വർണവില വൻതോതിൽ കുറഞ്ഞതാണ് ഇന്ത്യൻ വിപണിയിലും പ്രതിഫലിച്ചത്.

✪✪✪

പൊന്നാനി കോൾ മേഖലയിലെ ചങ്ങരംകുളം ചിറവല്ലൂർ തെക്കേക്കെട്ട് കോൾപ്പടവിൽ ബണ്ട് തകർന്ന് കർഷകർ കണ്ണീരിലായി. ഇന്നലെ വൈകീട്ടാണ് ബണ്ട് തകർന്നത്.

120 ഏക്കറിലെ നെൽകൃഷി നശിച്ചുവെന്നാണ് റിപ്പോർട്ട്. 40 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായി കർഷകർ അറിയിച്ചു.

✪✪✪